# Group prayer - St. Chavara.

ദൈവപുത്രൻ, ഈശോമിശിഹാ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു. അവന്റെ വലതുഭാഗത്ത് മനോഗുണത്തിന്റെ പരിശുദ്ധ അമ്മയും ഇടതുഭാഗത്ത് നമ്മുടെ മധ്യസ്ഥനായ വി. യൗസേപ്പും എഴുന്നള്ളിയിരിക്കുന്നു. പവിത്രമായ, പരിശുദ്ധമായ ഒരു പുണ്യവേദിയിലാണ് നാം ഇപ്പോൾ. ചാവറപിതാവ് സി. എം. സി. മക്കൾക്ക് മാധ്യസ്ഥം വഹിക്കുന്ന മനോഹരമായ വേദി. പിതാവിന്റെ ഹൃദയത്തോടൊപ്പം സർവ്വേശ്വര സന്നിധിയിലേക്ക് നമ്മുടെ ഹൃദയങ്ങളെയും ഉണർത്താം.

"ഓ, അളവില്ലാത്ത മഹിമ ശോഭനം നിറയപ്പെട്ടിരിക്കുന്ന പരമപരാപരനായ സർവ്വേശ്വരാ മഹിമയും സ്തുതിയും നിന്റെ ഉടമപ്പെട്ടതാകുന്നു; ആരാധനയും കൃതജ്ഞതയും നിനക്ക്, സ്നേഹവും നന്ദിയും അങ്ങേയ്ക്ക്."

[ഗാനം]

അമലോത്ഭവയുടെ മകനായതിൽ അഭിമാനിച്ചവൻ; ദൈവതിരുമനസ്സ് കണ്ട്, കേട്ട് അനുഭവിച്ച വ്യക്തി; സർവ്വോപരി ദൈവത്തെ സ്നേഹിതനായി കണ്ട് വേർപിരിയും വരെ അടുത്തായി സംസാരിക്കുന്ന ഉറ്റമിത്രം! അതെ, നമ്മുടെ പിതാവ് ദൈവത്തിന്റെ മിത്രമായിരുന്നു. ചാവറപിതാവിന്റെ കാലടികളിലും ഹൃദയസ്പന്ദനങ്ങളിലും, ദൈവപരിപാലനയുടെ കുടക്കീഴിൽ നിൽക്കാനുള്ള ത്വര ദൈവമേ ഞങ്ങൾ കാണുന്നു. ഈ അനുഗ്രഹം ഞങ്ങളുടെ പ്രിയപ്പെട്ട സഭയ്ക്ക് ജന്മം നൽകാൻ കാരണമായി. എപ്പോഴും അകത്തും പുറത്തും സൂക്ഷിച്ചു നടക്കുന്ന സ്നേഹമണവാളന്റെ സ്വരം എന്നെയും മധുരമുള്ളതാണെന്ന് ഓർത്ത്, ഞാൻ

അനുഭവിച്ച ദൈവാനുഭവം അനേകർക്ക് അനുഭവിക്കാൻ പരമാർത്ഥ ഹൃദയനായ പിതാവ് അനുവദിച്ചു. പരിശുദ്ധ പരമത്രിത്വമേ! ഈ വിശേഷാൽ കൃപ, ഉന്നതമായ ഈ വിളി ചാവറയച്ചനാൽ ഞങ്ങൾക്ക് നൽകിയ നിന്റെ കാരുണ്യാതിരേകത്തിന്, വാത്സല്യത്തിന് മുമ്പിൽ ഹൃദയം തുറന്ന നന്ദി!

ചാവറ പിതാവ് ഓർമ്മപ്പെടുത്തുന്നു; പ്രിയ കുഞ്ഞുങ്ങളെ, നാം സർവ്വേശ്വരന്റെ വിശേഷ കൃപയാൽ ദൈവമാതാവിന് ഏറ്റം ഇഷ്ടപ്പെട്ടവരായ കർമ്മലീത്ത സന്താനമായി വിളിക്കപ്പെട്ടു. എന്നാൽ ഇത് ദൈവാലോചനയിൽ അല്ലാതെ മനുഷ്യനുടെ വിചാരത്താലല്ല' ഞങ്ങൾ ഏറ്റെടുത്തിരിക്കുന്ന കൃപയുടെ ഔന്നിത്യം, മിശിഹായുടെ കുസ്ലോദികളായ ഞങ്ങളുടെ ജീവിതചര്യ, ദൈവമേ! എത്രയോ മഹോന്നതം. കർത്താവേ അർഹതയില്ലാത്ത, അയോഗ്യരായ ഞങ്ങളെ നോക്കി അങ്ങ് പറയുന്ന "ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ, ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രീതിപാത്രം, ഞാൻ എന്റെ ആത്മാവിനെ അവന് നൽകും; ഞാനാണ് കർത്താവ്". സ്നേഹവത്സലനായ കർത്താവേ, അങ്ങ് തിരഞ്ഞെടുത്ത ഈ സന്യാസിനി സമൂഹത്തെയും അതിന്റെ സിദ്ധിയെയും കാഴ്ചവെച്ചുകൊണ്ട് നന്ദിനിറഞ്ഞ ഹൃദയത്തോടെ അങ്ങേയ്ക്കു മുമ്പിൽ അർപ്പണം ചെയ്ത് പാടട്ടെ.

[ഗാനം].

മനുഷ്യമനസ്സിനെ ചലിപ്പിക്കാൻ കഴിവുള്ള ഒരു മനസ്സിനെ ഉണ്ണിമിശിഹായോട് ചോദിച്ചു വാങ്ങിയ പിതാവ് ഈ കാലഘട്ടത്തിൽ നാം ഓരോരുത്തരും ഈ മനസ് ചോദിച്ചു വാങ്ങുവാൻ ആഗ്രഹിക്കുന്നുണ്ടാകാം. അപ്പന് സ്തുതിയുണ്ടാകാൻ മാത്രം അദ്ധ്വാനങ്ങളെ ഈശ്വരസന്നിധിയിൽ അർപ്പണം ചെയ്ത ചാവറയച്ചന്റെ മുമ്പിൽ, ഏലി. അമ്മയുടെ മുമ്പിൽ, നല്ല അപ്പന്റെ മുമ്പിൽ നമ്മുടെ മനസ്സിന്റെ വികലമാക്കപ്പെട്ട അവസ്ഥകളെ തുറന്നു വെയ്ക്കാം. കർത്താവേ! ഞങ്ങളുടെ ഹൃദയമാകുന്ന ഒഴിഞ്ഞ പാത്രത്തിലേക്ക് വരിക, കടന്നു വരിക.

വായന : യോഹ 15/11-17 (മൗനം)

[കാറോസൂസ]

ഈശോമിശിഹായെ സ്നേഹിക്കുന്നത് എത്ര ഉദാത്തമാകുന്നു. ദൈവത്തെ സ്നേഹിച്ച ദൈവം സ്നേഹിച്ച ചാവറപിതാവിനെ നമുക്ക് സ്മരിക്കാം. ആ മനോഗുണമേ, ആ സ്നേഹമേ, ആ അനുഗ്രഹമേ, ആ ക്ഷമയുടെ ആഴമേ, എത്ര ഉദാ ചാവറപിതാവിന്റെ ഹൃദയത്തിൽ നിന്നുയരുന്ന സ്നേഹവചസ്സുകളോടൊപ്പം നമ്മുടെ ഹൃദയങ്ങളെയും ഉയർത്താം. സങ്കീർത്തകന്റെ ഹൃദയഭാവത്തിൽ, ചാവറയച്ചനെ ദർശിച്ചുകൊണ്ട് നമുക്ക് ചൊല്ലാം.

ലീഡർ:- കർത്താവിനെ സ്തുതിക്കുവിൻ. കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ കല്പനകളിൽ ആനന്ദിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

സമൂഹം:- വന്ദ്യ ചാവറപിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

ലീഡർ :- സത്യസന്ധരുടെ തലമുറ അനുഗൃഹീതമാകും. അവന്റെ ഭവനം സമ്പത്സമൃദ്ധമാകും. അവന്റെ നീതി എന്നേക്കും നിലനിൽക്കും.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

ലീഡർ :- പരമാർത്ഥഹൃദയന് അന്ധകാരത്തിൽ പ്രകാശം ഉദിക്കും; അവൻ ഉദാരനും കാരുണ്യവാനും, നീതിനിഷ്ഠനുമാണ്.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

ലീഡർ :- ഉദാരമായി വായ്പ കൊടുക്കുകയും നീതിയോടെ വ്യാപരിക്കുകയും ചെയ്യുന്നവന് നന്മ കൈവരും.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ

ലീഡർ :- നീതിമാന് ഒരിക്കലും ഇളക്കം തട്ടുകയില്ല; അവന്റെ സ്മരണ എന്നേക്കും നിലനിൽക്കും.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

ലീഡർ :- ദുർവാർത്തകളെ അവൻ ഭയപ്പെടുകയില്ല, അവന്റെ ഹൃദയം അചഞ്ചലവും കർത്താവിൽ ആശ്രയിക്കുന്നതുമാണ്.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

ലീഡർ :- അവന്റെ ഹൃദയം സുസ്ഥിരമായിരിക്കും. അവൻ ഭയപ്പെടുകയില്ല, അവൻ ശത്രുക്കളുടെ പരാജയം കാണും.

സമൂഹം :- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ

ലീഡർ :- അവൻ അഭിമാനത്തോടെ ശിരസ്സുയർത്തി നില്ക്കുന്നു; അവനെ പ്രേക്ഷകർ കരഘോഷം മുഴക്കുന്നു.

സമൂഹം:- വന്ദ്യ ചാവറ പിതാവിനോടൊപ്പം കർത്താവിനെ സ്തുതിക്കുവിൻ.

[ഗാനം – ചാവറ പിതാവിന്റെ]

'എന്റെ കർത്താവേ ഇതാ ഞാൻ ഹൃദയം തുറന്നിരിക്കുന്നു. നിനക്കേറ്റവും ഇഷ്ടമുള്ള ഇരിപ്പിടമായ എന്റെ ദൈവമാതാവിൻ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വെച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നള്ളി വന്നാലും. ഈ പ്രാർത്ഥനയുടെ അവസാന നിമിഷത്തിലും തുടർന്നുള്ള ജീവിതത്തിലും ഇതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന. ചാവറപിതാവേ വന്ദ്യനായ ഗുരുവേ; ഞങ്ങളുടെ സഭാസ്ഥാപകനെ, നിന്നെ പോലെ ഞങ്ങളും പ്രാർത്ഥിക്കട്ടെ. മരണം വരെ എന്നേരവും വിശ്വാസകണ്ണാൽ യേശുവേ കണ്ടുകൊണ്ട് ഇരിക്കാൻ പരലോകത്തിൽ മൂടൽ കൂടാതെ മുഖ്യമായി നിന്നെ കണ്ടുകൊണ്ട് സ്തുതിച്ചും, നിത്യകാലവും ഒന്നിച്ചിരിക്കാനുള്ള ഇതുകാണാ ഭാഗ്യം നൽകാൻ എഴുന്നള്ളിയാലും. നല്ല തമ്പുരാനെ ഞങ്ങളെ കൈപിടിച്ചു നടത്തുന്നവനെ എണ്ണമില്ലാത്ത അങ്ങയുടെ അനുഗ്രഹ ദ്വാരത്തിനു മുന്നിൽ ശിരസ്സു നമിക്കുന്നു. അനുഗ്രഹങ്ങളെ ഫലപ്രദമാക്കാതെ നിരസിച്ച നാളുകളെ ഓർത്ത് ഓ! എന്റെ ദൈവമേ മാപ്പ്. ഒരിക്കൽ കൂടെ ഞങ്ങളുടെ സന്യാസിനി സമൂഹത്തെയും സഭാധികാരികളെയും പ്രേഷിത മണ്ഡലങ്ങളെയും

ഉപഹാരമായുൻവഴി ദൈവത്തിന് സുന്ദരമായ കാഴ്ചയായി
വെച്ചുകൊണ്ട് നന്ദിയുടെ ഈരടികൾ ഞങ്ങൾ പാടട്ടെ.

[നന്ദിയുടെഗാനം]